## എംജി കോളജിലെ ആദ്യകാല എബിവിപി പ്രവർത്തകരുടെ യോഗം

**തിരുവനന്തപുരം:** എംജി കോളജിലെ ആദ്യകാല എബിവിപി പ്രവർത്തകരുടെ യോഗം ബോബൻ റസിഡൻസിയിൽ സംഘടിപ്പിച്ചു. ആർഎസ്എസ് അഖില ഭാരതീയ സമ്പർക്ക സമിതി അംഗം എ.ജയകുമാർ, ദക്ഷിണകേരള പ്രാന്ത സമ്പർക്ക പ്രമുഖ് എം.ജയകുമാർ, പ്രാന്ത കാര്യകാരി സമിതി അംഗം രാമനുണ്ണി, ശിവസേന ദക്ഷിണ ഭാരത സംഘടനാ കാര്യദർശി എം.എസ്.ഭുവനചന്ദ്രൻ, സിസ ജനറൽ സെക്രട്ടറി ഡോ.സി. സുരേഷ് കുമാർ എന്നിവർ പങ്കെടുത്തു. മുരാരി അധ്യക്ഷത വഹിച്ചു. ദിന ചന്ദ്രൻ സ്വാഗതവും സാജൻ നന്ദിയും പറഞ്ഞു.

## വയോജന സംഗമം സംഘടിപ്പിച്ചു

**പാറശാല:** ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കുളത്തൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ ഭാഗമായി വയോജന സംഗമം സംഘടിപ്പിച്ചു. വലിയവിള ക്രിസ്തുരാജ പാരിഷ് ഹാളിൽ നടന്ന പരിപാടി നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ചെയർമാൻ പി. കെ. രാജ്മോഹനൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മുതിർന്ന പൗരന്മാരെ ആദരിച്ചു. പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നേതൃത്വത്തിൽ വയോധികർക്ക് സൗജന്യമായി വൈദ്യപരിശോധന നടത്തി മരുന്നുകൾ വിതരണം ചെയ്തു.

## പഠന ക്യാമ്പ്

**വർക്കല:** ശിവഗിരി മഠത്തിൽ മാർച്ച് 1,2,3 തീയതികളിൽ നടക്കുന്ന ഗുരുദർശന പഠന ക്യാമ്പിൽ പങ്കെടുക്കുന്നവർ ഗുരുധർമ്മ പ്രചരണ സഭാ കേന്ദ്ര കാര്യാലയവുമായി ബന്ധപ്പെണ്ടെതാണ്. താല്പര്യമുള്ളവർ 16ന് രാവിലെ ഒമ്പതിന് ശിവഗിരിയിൽ എത്തിച്ചേരേണ്ടതാണ്. നേരത്തെ രജിസ്റ്റർ ചെയ്തിട്ടുള്ളവർ എത്തേണ്ടതില്ലെന്ന് ഗുരുധർമ്മ പ്രചരണ സഭാ സെക്രട്ടറി സ്വാമി അസംഗാനന്ദഗിരി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7012721492, 9496504181, 8129963336

## അക്കാദമിക് ബ്ലോക്ക് ഉദ്ഘാടനം

**വട്ടിയൂർക്കാവ്:** വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പുതുതായി പണികഴിപ്പിച്ച അക്കാദമിക് ബ്ലോക്കിന്റെ ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നിർവ്വഹിച്ചു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കായിക പ്രവർത്തനങ്ങൾക്കായി കളിക്കളം നിർമ്മിക്കുമെന്നു മന്ത്രി പറഞ്ഞു. കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 2.38 കോടി രൂപയാണ് ബ്ലോക്ക് നിർമ്മാണത്തിനായി വിനിയോഗിച്ചത്.

എംജി കോളജിലെ ആദ്യകാല എബിവിപി പ്രവർത്തകരുടെ യോഗത്തിൽ ശിവസേന ദക്ഷിണഭാരത സംഘടനാ കാര്യദർശി എം.എസ്.ഭുവനചന്ദ്രനും ആർഎസ്എസ് പ്രാന്ത കാര്യകാരി സമിതി അംഗം രാമനുണ്ണിയും ചേർന്ന് വിളക്കുതെളിയിക്കുന്നു

## മിത്രാനന്ദപുരം ത്രിമൂർത്തിക്ഷേത്രത്തിലെ ശിവരാത്രി ആഘോഷം

**തിരുവനന്തപുരം:** മിത്രാനന്ദപുരം ത്രിമൂർത്തി ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവം 16 മുതൽ 26 വരെ നടക്കും. 26ന് രാവിലെ 5.30ന് ഗണപതിഹോമം, 10ന് രുദ്രഹോമം, 11.30ന് ചമകഹോമം, വസോർധാരഹോമം, 12.30ന് രുദ്രാഭിഷേകം, ഉച്ചയ്ക്ക് 1.30ന് ഘൃതധാര, വൈകിട്ട് 5.30ന് രുദ്രക്രമപാരായണം. രാത്രി 8ന് നവകം, പഞ്ചഗവ്യകലശപൂജ, 12ന് അത്താഴപൂജ.

തിട്ടമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്ര ത്യക്കൊടിയേറ്റ് മഹോത്സവത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനം യുവരാജ് ഗോകുൽ ഉദ്ഘാടനം ചെയ്യുന്നു

### കുഞ്ഞുങ്ങൾ രോഗവ്യാപന ഭീഷണിയിൽ

# മാലിന്യങ്ങൾക്ക് നടുവിൽ അങ്കണവാടി

**കൊല്ലയിൽ:** മാലിന്യം കൊണ്ട് പൊറുതിമുട്ടി അങ്കണവാടി വിദ്യാർത്ഥികൾ. നെയ്യാറ്റിൻകര നഗരസഭ നാരയണപുരം വാർഡിൽ നാരായണപുരം തെരുവിൽ നിന്ന് മസ്ജിദിനു മുന്നിൽ തീരുന്ന റോഡിൽ പ്രവർത്തിക്കുന്ന അങ്കണവാടിക്കാണ് ഈ ദുർഗതി. റോഡിൽ മാലിന്യങ്ങൾ ചിതറി കിടക്കുന്നതും ദുർഗന്ധവും കാരണം മുക്കുപൊത്താതെ കാൽ നടയാത്ര പോലും ദുസ്സഹമായിടത്താണ് ഒരു പകൽ മുഴുവൻ പിഞ്ചു കുട്ടികൾ കഴിയുന്നത്. ഈ വളപ്പിൽ തന്നെയാണ് നഗരസഭയുടെ വഴിയിടവും പ്രവർത്തിക്കുന്നത്. മാലിന്യ നീക്കത്തിനുള്ള നഗരസഭയുടെ വാഹനമോ ജീവനക്കാരോ ഈ വഴി തിരിഞ്ഞു നോക്കാറില്ല. ഭക്ഷണാവശിഷ്ടം ഉൾപ്പെടെയുള്ള മാലിന്യം തള്ളുന്നതിനാൽ തെരുവ് നായ്ക്കളുടെ വിഹാര കേന്ദ്രം കൂടിയാണ് ഇവിടം. ഇതിന്റെ ആക്രമണം ഭയന്ന് കുട്ടികളെ ഇതു വഴി കൊണ്ട് പോകാനും സാധിക്കുന്നില്ലെന്ന് രക്ഷിതാക്കൾ പറയുന്നു. കുടിവെള്ള വിതരണത്തിനുള്ള കൂറ്റൻ വാട്ടർ ടാങ്കും സമീപത്ത് സ്ഥിതി ചെയ്യുന്നുണ്ട്. കാക്കകളും മറ്റും മാലിന്യം കൊത്തി കൊണ്ട് ഈ സംഭരണിയിൽ ഇടുന്നത് പതിവ് കാഴ്ച്ചയാണ്.

നാരായണപുരം തെരുവ് മസ്ജിദ് റോഡിലെ അങ്കണവാടിക്ക് മുന്നിൽ മാലിന്യം വലിച്ചെറിഞ്ഞ നിലയിൽ

മസ്ജിദ്, സെന്റ് ആന്റണീസ് ദൈവലയം, മുത്താരമ്മൻ ക്ഷേത്രം, ഗണപതി ക്ഷേത്രം, നീറകത്തല ദേവി ക്ഷേത്രം എന്നീ വിടങ്ങളിലേക്ക് വിശ്വാസികൾക്കുള്ള മാർഗ്ഗവും ഇതാണ്. മാലിന്യം നീക്കം ചെയ്യാനും, അങ്കണവാടിയിൽ ക്യാമറ സ്ഥാപിച്ച് മാലിന്യം തള്ളുന്ന സാമൂഹ്യ വിരുദ്ധർക്കെതിരെ നടപടി സ്വീകരിക്കാനും നഗരസഭ തയ്യാറാകണമെന്ന് നാട്ടുകാരും രക്ഷിതാക്കളും ആവശ്യപ്പെട്ടും. ബാലാവകാശ കമ്മിഷനിൽ ഉൾപ്പെടെ പരാതിപ്പെടാനൊരുങ്ങുകയാണ് നാട്ടുകാർ.

## ഓർമ്മകളുടെ മഹാഗണിത്തണലിൽ ശ്രീ എം വീണ്ടുമെത്തി

**തിരുവനന്തപുരം:** തന്റെ ജീവിതത്തിൽ എന്നും വഴികാട്ടിയായത് മോഡൽ സ്കൂളിലെ പഠന കാലമാണെന്ന് ശ്രീ എം. മോഡൽ സ്കൂൾ നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെവിടെ സംസാരിച്ചാലും മോഡൽ സ്കൂളിനെ ഞാൻ ഓർക്കാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഒരു നല്ല വിദ്യാർത്ഥിക്ക് മാത്രമേ നല്ല ഗുരുവാകാൻ കഴിയൂ. ഞാനിന്നുമൊരു വിദ്യാർത്ഥിയാണ്. എല്ലാമറിയുന്ന ആരുമില്ല. അത് സാധ്യവുമല്ല. എന്നും നല്ല വിദ്യാർത്ഥിയായിരിക്കുക എന്നതു മാത്രമാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്. തന്റെ പഠന കാലത്തെ ഓരോ അധ്യാപകരെയും ശ്രീ എം ഓർത്തെടുത്തു. അവർ കാട്ടിയ വെളിച്ചത്തിലാണ് താനിന്നും നടക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് തങ്ങളുടെ അക്കാലത്തെ കളികളുടെ കേന്ദ്രമായിരുന്ന മഹാഗണി മുത്തശ്ശി മരവും അദ്ദേഹം സന്ദർശിച്ചു. അവിടെ അധ്യാപകരോടും കുട്ടികളോടൊമൊപ്പം ഫോട്ടോ എടുത്തതിനു ശേഷമാണ് അദ്ദേഹം മടങ്ങിയത്. പിടിഎ പ്രസിഡന്റ് സുരേഷ് കുമാർ.ആർ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ പ്രമോദ് കെ.വി. സ്വാഗതവും വൈസ് പ്രിൻസിപ്പാൾ ഫ്രീഡാ മേരി.ജെ.എം നന്ദിയും പറഞ്ഞു.

തൈക്കാട് മോഡൽ സ്കൂളിൽ നൽകിയ സ്വീകരണത്തിൽ ശ്രീ എം സംസാരിക്കുന്നു

## യുവാവിനെ കൊലപ്പെടുത്താൻ ശ്രമം; മൂന്നംഗസംഘം പിടിയിൽ

**തിരുവനന്തപുരം:** യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച മൂന്നംഗസംഘത്തെ മെഡിക്കൽ കോളജ് പോലീസ് പിടികൂടി. ശ്രീകാര്യം കല്ലമ്പള്ളി കരിമ്പൂക്കോണം മേലാങ്കോണം പുതുവൽ പുത്തൻ വീട്ടിൽ എബി (32), മേലാങ്കോണം പുതുവൽ പുത്തൻ വീട്ടിൽ സിബി (31), നാലാഞ്ചിറ തട്ടിനകം കിഴക്കേവിള വീട്ടിൽ ശിവപ്രസാദ് (31) എന്നിവരാണ് പിടിയിലായത്. എബിയും സിബിയും സഹോദരങ്ങളും ശിവപ്രസാദ് ഇവരുടെ സുഹൃത്തുമാണ്. ഫെബ്രുവരി 2നാണ് കേസിന്നാസ്പദമായ സംഭവം. കന്യാകുളങ്ങര ഇടവിളാകം ബൈത്തുൽ ഫിർദൗസിൽ നുജുമുദ്ദീന്റെ മകനും ആംബുലൻസ് ഡ്രൈവറുമായ മഹബൂബ് (23) ആണ് ആക്രമണത്തിന് ഇരയായത്. മെഡിക്കൽകോളജിന് സമീപത്ത് നിന്നു പ്രതികൾ ചേർന്ന് മഹബൂബിനെ തട്ടിക്കൊണ്ടുപോകുകയും ശ്രീകാര്യത്ത് ആളൊഴിഞ്ഞ സ്ഥലത്തുവച്ച് സ്മാർട്ട്ഫോൺ അപഹരിക്കുകയും ക്രൂരമായി മർദ്ദിച്ചു കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. പ്രതികൾക്ക് യുവാവിനോടുണ്ടായിരുന്ന വ്യക്തിവിരോധമായിരുന്നു ആക്രമണത്തിനു കാരണം. പാർക്കിംഗ് ഏരിയയിൽ നിൽക്കുകയായിരുന്ന മെഹബൂബിനെ ഓട്ടോറിക്ഷയിലെത്തിയാണ് പ്രതികൾ ശ്രീകാര്യത്തേക്ക് കൊണ്ടുപോയത്. മർദ്ദനത്തിനിടയിൽ സ്ഥലത്തുനിന്ന് രക്ഷപ്പെട്ട മെഹബൂബ് തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിൽ ചികിത്സ തേടുകയും പിന്നീട് പോലീസിൽ പരാതി നൽകുകയുമായിരുന്നു. ശ്രീകാര്യം പോലീസിന്റെ സഹായത്തോടെ മെഡിക്കൽ കോളജ് പോലീസ് പ്രതികളെ കസ്റ്റഡിയിലെടുക്കുകയായിരുന്നു. എബിയും സിബിയും ബിജെപി പ്രവർത്തകനായിരുന്ന രാജേഷിനെ വർഷങ്ങൾക്ക് മുമ്പ് കൊലപ്പെടുത്തിയ കേസിലെ പ്രതികളാണ്. അറസ്റ്റിലായ മൂന്നംഗസംഘത്തെ കോടതിയിൽ ഹാജരാക്കി.

## നിശാഗന്ധി നൃത്തോത്സവം നാളെ മുതൽ

**തിരുവനന്തപുരം:** നിശാഗന്ധി നൃത്തോത്സവത്തിനു നാളെ തിരി തെളിയും. കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വൈകിട്ട് 6ന് മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. 20 വരെയുള്ള നൃത്തോത്സവത്തിൽ ക്ലാസിക്കൽ നൃത്തനൃത്യങ്ങളുടെ അലയടികളുയരും. നൃത്തോത്സവത്തോടുനുബന്ധിച്ച് ഏഴു ദിവസം നീണ്ടുനില്ക്കുന്ന നിശാഗന്ധി കഥകളി മേളയ്ക്കും കനകക്കുന്നു കൊട്ടാരം വേദിയാകും.

നൃത്തരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള നിശാഗന്ധി പുരസ്കാരം പ്രശസ്ത കഥക് കലാകാരൻ പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനിയ്ക്ക് സമ്മാനിക്കും. ഒന്നരലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ജയ്പൂർ ഘരാനയിൽ പരിശീലനം നേടിയ പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനി ലോകമെമ്പാടും അറിയപ്പെടുന്ന കഥക് അവതരണത്തിലെ നൂതന ശൈലിക്ക് പേരുകേട്ട കലാകാരനാണ്.

ടൂറിസം സെക്രട്ടറി കെ. ബിജു ചെയർമാനും ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ കൺവീനറുമായ ജൂറിയാണ് പുരസ്കാര ജേതാവിനെ തിരഞ്ഞെടുത്തത്. മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ, നാടകകൃത്ത് സൂര്യ കൃഷ്ണമൂർത്തി, നർത്തകി രാജശ്രീ വാര്യർ എന്നിവരാണ് മറ്റ് ജൂറി അംഗങ്ങൾ.

ഉദ്ഘാടന ചടങ്ങിൽ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിക്കും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരൻമാർ അവതരിപ്പിക്കുന്ന വൈവിധ്യമാർന്ന ക്ലാസിക്കൽ നൃത്ത രൂപങ്ങളാണ് നൃത്തോത്സവത്തിൽ അരങ്ങേറുക. ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം, മണിപ്പൂരി, സത്രിയ, കഥക്, ഒഡീസി തുടങ്ങിയ നൃത്തരംഗങ്ങളിലെ പ്രശസ്തർ നൃത്തോത്സവത്തിൽ അണിനിരക്കും. നിശാഗന്ധി നൃത്തോത്സവത്തിൽ പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

മറൈൻ ലിവിംഗ് റിസോഴ്സുകളുടെയും പരിസ്ഥിതിയുടെയും കേന്ദ്രം
മിനിസ്ട്രി ഓഫ് എർത്ത് സയൻസസ്, ഇന്ത്യൻ ഗവൺമെന്റ്
ATAL BHAVAN, L.N.G. ROAD, PUTHUVYPE, KOCHI-682508
ഫോൺ നമ്പർ 0484 294 4004

CCAMLR

**അന്റാർട്ടിക് ജലാശയങ്ങളിൽ മത്സ്യബന്ധനം നടത്താനുള്ള താൽപ്പര്യം പ്രകടിപ്പിക്കാൻ വിളിക്കുക**

ഭൗമ ശാസ്ത്ര മന്ത്രാലയത്തിന്റെ അറ്റാച്ച്ഡ് ഓഫീസായ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആൻഡ് ഇക്കോളജി (CMLRE), അന്റാർട്ടിക് കടലിൽ ക്രില്ലിനും ടൂത്ത് ഫിഷിനും മീൻ പിടിക്കാൻ ഉദ്ദേശിക്കുന്ന യോഗ്യതയുള്ള ഇന്ത്യൻ സ്ഥാപനങ്ങളിൽ നിന്ന് താൽപ്പര്യം പ്രകടിപ്പിക്കാൻ (EOI) ക്ഷണിക്കുന്നു. (2025-26).

ദക്ഷിണ സമുദ്രത്തിലെ സമുദ്ര ജീവജാലങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിരമായ പരിപാലനത്തിനും ഉത്തരവാദിത്തമുള്ള ഒരു അന്തർ സർക്കാർ സ്ഥാപനമാണ് CCAMLR. ഈ കൺവെൻഷന്റെ സ്ഥിരാംഗം എന്ന നിലയിൽ, സ്ഥാപിതമായ സംരക്ഷണ നടപടികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് മത്സ്യബന്ധന ലൈസൻസുകൾ/പെർമിറ്റുകൾ നൽകാൻ ഇന്ത്യയ്ക്ക് അർഹതയുണ്ട്. ഉയർന്ന കടൽ മത്സ്യബന്ധനത്തിൽ പരിചയമുള്ള ഇന്ത്യൻ സ്ഥാപനങ്ങൾ, അന്റാർട്ടിക്ക് ജലാശയങ്ങളിൽ നിന്നുള്ള ക്രിൽ അല്ലെങ്കിൽ ടൂത്ത് ഫിഷുകൾ മത്സ്യബന്ധനത്തിന് അനുയോജ്യമായ കപ്പലുകൾ എന്നിവയ്ക്ക് ഒരു ഫ്രസ്യ കമ്പനി പ്രൊഫൈലും ഉദ്ദേശ്യ പ്രസ്താവനയും സഹിതം director@cmire.gov.in/sendhil.r@cmire.gov.in എന്ന ഇമെയിൽ വഴി CMLRE ലേക്ക് EOI രജിസ്റ്റർ ചെയ്യാം.

ഉയർന്ന കടലിൽ മത്സ്യബന്ധനം നടത്താൻ ശേഷിയുള്ള ഐസ്-ക്ലാസ് ബലപ്പെടുത്തിയ കപ്പൽ കൈവശമുള്ള ഇന്ത്യൻ കമ്പനികൾ, അല്ലെങ്കിൽ ഒരു ബെയർ ബോട്ട് ചാർട്ടർ ഉടമ്പടിയിലൂടെ അത്തരം കപ്പലുകളെയും ജീവനക്കാരെയും വാടകയ്ക്കെടുക്കാൻ കഴിവുള്ളവരും CCAMLR മേഖലയിലെ മത്സ്യബന്ധനത്തിന്റെ സങ്കീർണതകളെക്കുറിച്ച് ധാരണയുള്ളവരും അവരുടെ EOI രജിസ്റ്റർ ചെയ്യാൻ യോഗ്യരാണ്.

ഈ പരസ്യം റിലീസ് ചെയ്ത തീയതി മുതൽ 10 ദിവസത്തിനുള്ളിലാണ് സഹായ രേഖകൾ സഹിതം EOI സമർപ്പിക്കാനുള്ള അവസാന തീയതി.

ഗവ.അണ്ടർ സെക്രട്ടറി. ഇന്ത്യയുടെ
CMLRE, കൊച്ചി
തീയതി 12.02.2026

CBC 12110/11/0003/2425

## പണിമൂല പൊങ്കാല 20ന്; ഒരുക്കങ്ങൾ പൂർത്തിയായി

**പോത്തൻകോട്:** പണിമൂല ദേവീ മഹാക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷിക മഹോത്സവം 18, 19, 20 തീയതികളിൽ നടക്കും. 18ന് വൈകിട്ട് 4ന് മഹാ ഐശ്വര്യപൂജ, 6.45 ന് കലാപരിപാടികളുടെ ഉദ്ഘാടനം സിനിമാ പിന്നണി ഗായകൻ കല്ലറ ഗോപൻ നിർവഹിക്കും. 7.30 ന് നൃത്താർച്ചന, 8ന് ആതിര നിലാവ്, 9ന് ദേവായനം, 10ന് ക്ലാസിക്കൽ നൃത്താർച്ചന, 11ന് നാടകം. 19ന് വൈകിട്ട് 5ന് താളപ്പകിട്ട്, 5.30ന് ദ്രുതതാളം, 6ന് കൈകൊട്ടിക്കളി, 7ന് ഭജന, നാടകം, 8.15 ന് തിരുവാതിര, കൈകൊട്ടിക്കളി, 9 ന് ഭക്തി നാമസങ്കീർത്തനം. 20ന് രാവിലെ 7ന് ലക്ഷാർച്ചന. 8.30ന് പൊങ്കാല സമർപ്പണ സമ്മേളനം മന്ത്രി ജി. ആർ.അനിൽ ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ, അടൂർ പ്രകാശ് എംപി തുടങ്ങിയവർ പങ്കെടുക്കും. 10.30ന് ക്ഷേത്രം മേൽശാന്തി കോവശ്ശേരി മഠത്തിൽ ഗോകുൽ കൃഷ്ണൻ പണ്ടാര അടുപ്പിൽ അഗ്നി ജ്വലിപ്പിക്കുന്നതോടെ സമൂഹ പൊങ്കാലയ്ക്ക് തുടക്കമാകും 10.45 ന് ക്ഷേത്ര തന്ത്രി താഴമൺമഠം കണ്ഠരര് രാജീവരരുടെ മുഖ്യകാർമ്മികത്വത്തിൽ കലശാഭിഷേകം, 11.15ന് അന്നദാനം, ഉച്ചയ്ക്ക് 1.30ന് പൊങ്കാല നിവേദ്യം, വൈകീട്ട് 6.30ന് ലക്ഷാർച്ചന സമർപ്പണം. വാട്ടർ അതോറിറ്റി ആവശ്യമായ കുടിവെള്ളം പൊങ്കാലയ്ക്കായി എത്തിക്കും. ജില്ലയിലെ വിവിധ കെഎസ്ആർടിസി ഡിപ്പോകളിൽ നിന്നും യാത്രാ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. പൊങ്കാല ദിവസം പോലീസിന്റെയും അഗ്നിശമന സേനാംഗങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും സേവനം ലഭ്യമാകുമെന്ന് ക്ഷേത്രം ട്രസ്റ്റ് പ്രസിഡന്റ് എസ്. നാരായണൻ നായർ, സെക്രട്ടറി കെ. വിജയകുമാരൻ നായർ, വൈസ് പ്രസിഡന്റുമാരായ ജി. ഗിരീശൻ, വി.ഹരികുമാർ, ജോയിന്റ് സെക്രട്ടറിമാരായ ഡി. ദിലീപ് കുമാർ, ആർ. അരുൺകുമാർ, ഖജാൻജി ആർ.ബാലഗോപാൽ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

## ബസ് സർവീസ് ഇല്ല;യാത്രക്കാർ ദുരിതത്തിൽ

**നെയ്യാർഡാം:** കെഎസ്ആർടിസി കാട്ടാക്കട ഡിപ്പോയിൽ നിന്ന് ഗ്രാമീണ മേഖലയിലെ പല റൂട്ടുകളിലേക്കും ആവശ്യത്തിന് ബസ് സർവീസ് ഇല്ലെന്ന് പരാതി. വർഷങ്ങളായി സർവീസ് നടത്തിയിരുന്ന റൂട്ടുകളിലാണ് ഇപ്പോൾ നാമമാത്രമായി സർവീസ് നടത്തുന്നത്. ഇതേത്തുടർന്ന് ഈ പ്രദേശത്തെ ജനങ്ങൾ ദുരിതത്തിലാണ്. എന്നാൽ ഇതിലൂടെ സർവീസ് നടത്തുന്ന ബസുകൾ സമയക്രമം പാലിക്കുന്നില്ലെന്ന ആരോപണവും ഉയർന്നിട്ടുണ്ട്. യാത്രക്കാർ മണിക്കൂറോളം കാത്തുനിൽക്കേണ്ട അവസ്ഥയിലാണ്. കുരുതംകോട്, കീഴാറൂർ, കൊറ്റംപള്ളി, വാളികോട്, ആര്യങ്കോട്, മൈലച്ചൽ, പന്നിയോട്, ആനാകോട് തുടങ്ങിയ നിരവധി സ്ഥലങ്ങളിലേക്കുള്ള സർവീസും ഡിപ്പോ അധികൃതർ അവഗണിക്കുന്നതായും പരാതി ഉയർന്നിട്ടുണ്ട്. നിർത്തിവെച്ച ബസ് സർവ്വീസുകൾ ഉടൻ പുനരാരംഭിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## കാപ്പ ലംഘിച്ച പ്രതി പിടിയിൽ

**പോത്തൻകോട്:** കാപ്പ ലംഘിച്ച് നാട്ടിൽ എത്തിയ പ്രതി പോലീസ് പിടിയിൽ. പാലോട്ടുകോണം മിച്ചഭൂമി സ്വദേശി മല്ലിക പുത്രൻ എന്ന് വിളിക്കുന്ന രതീഷി (42) നെയാണ് പോത്തൻകോട് പോലീസ് അറസ്റ്റ് ചെയ്തത്. നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ രതീഷിനെ കാപ്പ ചുമത്തി നാടുകടത്തുകയായിരുന്നു. എന്നാൽ കാപ്പ നിയന്ത്രണ ഉത്തരവ് ലംഘിച്ച് പോത്തൻകോട് എത്തിയ രതീഷിനെ രഹസ്യ വിവരത്തെ തുടർന്ന് വീണ്ടും പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു.

## നഷ്ടപ്പെട്ടു

എന്റെ R 9032666 എന്ന നമ്പർ പാസ്പോർട്ട് ആറ്റിങ്ങലിനു സമീപം യാത്രാമദ്ധ്യേ നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ പാസ്പോർട്ട് ഓഫീസുമായി ബന്ധപ്പെടുക
GAZAL J
1/54 Vinayaka, Avanavanchery,
Avanavanchery P O, Trivandrum
Kerala, 695103.
Phone - 8606304696, 9847051565

## നഷ്ടപ്പെട്ടു

മാർച്ച് 2000-ാം വർഷത്തെ 383975 എസ്എസ്എൽസി ബുക്ക് വീണ്ടെടുക്കാൻ കഴിയാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് പതിനഞ്ച് ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്. എന്ന്,
അപ്സര എ.എസ്.
എ.എസ്. ഭവൻ, ചാരുംമൂട്
പുതുകുളങ്ങര പി.ഒ.
MOB : 6282260423

## CHANGE OF NAME AND ADDRESS

I, EX. 355916N HAV/ORL MADANAN V. Declare that the name of my wife recorded in the service documents of Assam Rifles Records is Smt. Geetha Madanan Where as here correct name is Smt. GEETHA KUMARI S. As per Aadhaar Card and PAN CARD. It is to change the same for Assam Fifles Records. and my residing at Thekkeputhumana, Ramapuram, Keerikad P.O., Alappuzha Dist. Now I am residing at Kalhaaram, Powdikonam P.O., Thiruvananthapuram - 695588.
9446161768

## CHANGE OF NAME

I, SARASWATHY VISWAMBHARAN NAIR, holder of Passport No. J 3619456 do hereby change my name to SARASWATHY AMMA T. as per my Adhar No. 574995379641 for all purposes. I also undertake to effect the change in all my other public documents.

**VEHICLE FOR SALE**

| SL. NO. | VEHICLE NO. | MODEL | Manufacture Year |
|---|---|---|---|
| 1 | KL-31-L-1475 | TATA LPT 1109 FBT | 2017 |
| 2 | KL-01-CA-9587 | MARUTI WAGON R VXI BS4 PETROL 5 SEATER | 2017 |

For details contact
**SHRIRAM FINANCE LTD**
FIRST FLOOR ,S N COMPLEX ,NH
NEYYATTINKARA
GST IN:32AAACS7018R1Z2
PH :9037207287 &9846212307

**ഭൗതിക ജപ്തി നോട്ടീസ്**

ICICI Home Finance

**രജിസ്റ്റേർഡ് ഓഫീസ്:** ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര-കുർള കോംപ്ലക്സ്, ബാന്ദ്ര (ഈസ്റ്റ്) മുംബൈ - 400051
**കോർപ്പറേറ്റ് ഓഫീസ്:** ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി കുർള റോഡ്, ജെ ബി നഗർ, അന്ധേരി (ഈസ്റ്റ്) മുംബൈ - 400059

**ശാഖ ഓഫീസ്:** ഒന്നാം നില, ഷോപ് നമ്പർ 2/30, T.C. VII/673/1-4(2), എം ജി കോർപ്പറേറ്റ് സെന്റർ, മെഡിക്കൽ കോളേജ് പി ഒ, ഉള്ളൂർ, തിരുവനന്തപുരം -695011

താഴെപറയുന്നതെന്തെന്നാൽ

നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർ ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡ് 2002 ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(12) റൂൾ 3 ചേർത്തു വായിക്കുക, കീഴിൽ അനുവദിച്ചിട്ടുള്ള അധികാരമുപയോഗിച്ച് താഴെപ്പറയുന്ന വായ്പക്കാർ 60 ദിവസത്തിനുള്ളിൽ പണം തിരിച്ചടക്കണമെന്നു വ്യക്തമാക്കിക്കൊണ്ടുള്ള ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു.

എന്നാൽ വായ്പക്കാരൻ വായ്പാക്കുടിശിക തിരിച്ചടക്കാത്തതിനാൽ സെക്ഷൻ 13(4) റൂൾ 8 പ്രകാരമുള്ള അധികാരം ഉപയോഗിച്ച് അംഗീകൃത ഓഫീസർ ജാമ്യം നൽകിയിരിക്കുന്ന വസ്തുവിന്റെ ജപ്തി താഴെപറയുന്ന തിയതികളിൽ നടത്തിയതായി ഈ നോട്ടീസിലൂടെ വായ്പക്കാരനെയും